"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - പാലക്കാട് ജില്ല - പുതൂർ ഗ്രാമ പഞ്ചായത്തിൽ സെക്രട്ടറി തസ്തികയിൽ നിയമിതനായ ശ്രീ. അരുൺഷാ എസ്.,ന് പഠനാവശ്യത്തിനായി ശൂന്യവേതന അവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.935/2026/LSGD തീയതി,തിരുവനന്തപുരം, 29-04-2026

---

പരാമർശം:-
1. ശ്രീ. അരുൺഷാ എസ്., സമർപ്പിച്ച 11/02/2026 തീയതിയിലെ അവധി അപേക്ഷ.
2. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 25/04/2026 തീയതിയിലെ LSGD/PD/5909/2026-DEA2 നമ്പർ കത്ത്.
3. അരുൺഷാ എസ്.,ന്റെ 27/04/2026 തിയതിയിലെ സാക്ഷ്യ പത്രം

**ഉത്തരവ്**

തദ്ദേശ സ്വയം ഭരണ വകുപ്പ് പാലക്കാട് ജില്ല പുതൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായ ശ്രീ. അരുൺഷാ എസ്., ന് ശങ്കർ ഐ.എ.എസ് അക്കാദമിയിൽ UPSC CSE പരിശീലനത്തിനായി 02.03.2026 മുതൽ 31.10.2026 വരെ ശൂന്യവേതനാവധി അനുവദിക്കണമെന്ന പരാമർശം (1) പ്രകാരമുള്ള അപേക്ഷ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

[2] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.അരുൺഷാ എസ്., 02.03.2026 മുതൽ 31.10.2026 വരെ ശൂന്യവേതന അവധി അനുവദിക്കുന്നതിനായി അപേക്ഷ നൽകിയെങ്കിലും ടിയാൻ നാളിതുവരെയും അവധിയിൽ പ്രവേശിച്ചിട്ടില്ല എന്ന പരാമർശം (3) സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ, ഉത്തരവ് തീയതി ശേഷം ടിയാൻ അവധിയിൽ പ്രവേശിക്കുന്ന തിയതി മുതൽ 31.10.2026 വരെ കെ.എസ്.ആർ., ഭാഗം 1, അനുബന്ധം XII-B യിലെ വ്യവസ്ഥകൾക്ക് വിധേയമായി പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു. ശുന്യവേതനാവധിയിൽ തുടരുന്ന കാലയളവ് സീനിയോറിറ്റി, ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, സ്ഥാനക്കയറ്റം, ഗ്രാറ്റുവിറ്റി, പെൻഷൻ, ആർജ്ജിതാവധി മുതലായവ ഉൾപ്പെടെയുള്ള യാതൊരുവിധ ആനുകൂല്യങ്ങൾക്കും പരിഗണിക്കുന്നതല്ല.

[3] അവധി സംബന്ധിച്ച വിവരങ്ങൾ അപേക്ഷകന്റെ സേവനപുസ്തകത്തിൽ നിയമനാധികാരി രേഖപ്പെടുത്തേണ്ടതും, ടിയാന്റെ സേവനകാര്യത്തിൽ KSR ഭാഗം I അനുബന്ധം XII-B യിലെ വ്യവസ്ഥകൾ കൃത്യമായും പാലിക്കുന്നുണ്ടെന്നുള്ള കാര്യം

ഉറപ്പുവരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പദ്മിനി കെ എസ്

ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അരുൺഷാ എസ്., സെക്രട്ടറി, പുതൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട്.

(പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം മുഖേന)

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ.

തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, പാലക്കാട്.

വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി1/76/2026/തസ്വഭവ. നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
സെക്ഷൻ ഓഫീസർ
Date: 29-04-2026 12:15:32